**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.4489** **18.05.2017-ൽ മറുപടിക്ക്**

## ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ.എം.മാണി | | ഡോ. ടി.എം. തോമസ് ഐസക്ക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) | |
| (എ) | ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ (ഗിഫ്റ്റ്) ന്റെ നിയമാവലി, സർവീസ് നിയമങ്ങൾ തുടങ്ങിയവയിൽ ഭേദഗതി വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | 2016 ഡിസംബൽ മാസം 5-ാം തീയതി കൂടിയ 'ഗിഫ്റ്റി'ന്റെ ഭരണസമിതിയുടെ തീരുമാനപ്രകാരം സ്ഥാപനത്തിന്റെ നിലവിലുള്ള നിയമാവലിയിലും സർവ്വീസ് ചട്ടങ്ങളിലും കൂടുതൽ വ്യക്തത വരുത്തുവാനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ' ഗിഫ്റ്റ് ' ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ' ഗിഫ്റ്റ് ' ഡയറക്ടറുടെ പ്രായപരിധി 65 വയസ്സിൽ നിന്ന് ഉയർത്തുവാൻ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | നിലവിലുള്ള സർവ്വീസ് ചട്ടങ്ങളിലും നിയമാവലിയിലും ഗിഫ്റ്റ് ഡയറക്ടറുടെ പ്രായപരിധിയെക്കുറിച്ച് പരാമർശമില്ലാത്തതിനാൽ ഈ വിഷയത്തിൽ വ്യക്തത വരുത്തുവാൻ ആലോചിക്കുന്നുണ്ട്. എന്നാൽ പ്രായപരിധി എത്രയാണെന്നുള്ളതിനെക്കുറിച്ച് ഗിഫ്റ്റിന്റെ ഭരണസമിതി കൂടി പരിശോധിച്ചതിന് ശേഷമേ തീരുമാനിക്കാൻ സാധിക്കുകയുള്ളൂ. |
| (സി) | ഗവേർണിംഗ് ബോഡിക്ക് കൂടുതൽ അധികാരങ്ങൾ നൽകി ഗിഫ്റ്റിനെ സർക്കാർ നിയന്ത്രണത്തിൽ നിന്നും മാറ്റുവാൻ പദ്ധതിയുണ്ടോ; | (സി) | ഗിഫ്റ്റ് ഡയറക്ടറുടെ നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് ആലോചിച്ച് തീരുമാനമെടുക്കുന്നതാണ്. |
| (ഡി) | ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ടിന് സ്വതന്ത്ര ചെയർമാനെ നിയമിക്കുവാൻ ഉദ്ദേശ്യമുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**